# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **മാർച്ച് 12**<br>**MARCH 12** | **2019** |

*1193 കുംഭം 28* ചൊവ്വ

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

## ലോക്സഭാ തെരഞ്ഞെടുപ്പ്: വിലനിശ്ചയ യോഗം ചേർന്നു

ലോക്സഭാ തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളുടെ പ്രചരണ ചെലവ് നിശ്ചയിക്കുന്നതിന് പ്രചരണത്തിനുപയോഗിക്കുന്ന വിവിധ സാധന സാമഗ്രികളുടെ വിലനിശ്ചയിക്കുന്നതിനായി ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ യോഗം ചേർന്നു. വാഹനങ്ങൾ, പ്രചരണ സാമഗ്രികൾ, ലൈറ്റ് ആന്റ് സൗണ്ട് തുടങ്ങിയ എൺപതോളം സാധന സാമഗ്രികളുടെ വിലയാണ് നിശ്ചയിക്കുന്നത്. പ്രാഥമികമായി നിശ്ചയിച്ച വില വിവരങ്ങൾ ഇന്ന് (മാർച്ച് 13) 11.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ അവതരിപ്പിക്കും. യോഗത്തിൽ വിവിധ സാധന സാമഗ്രികളുടെ വില അന്തിമമായി തീരുമാനിക്കും. കൂടാതെ തെരഞ്ഞെടുപ്പ് ചെലവുകൾ, പെരുമാറ്റച്ചട്ടം എന്നിവയെ കുറിച്ചും യോഗത്തിൽ വിശദീകരിക്കും.

ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അധ്യക്ഷത വഹിച്ചു. ഫിനാൻസ് ഓഫീസർ കെ സതീശൻ, ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) വി പി അബ്ദുറഹ്മാൻ, തഹസിൽദാർ കെ എച്ച് മുഹമ്മദ് നവാസ്, ജൂനിയർ സൂപ്രണ്ടന്റ് (ഇലക്ഷൻ) എസ്

ഗോവിന്ദൻ, പിഡബ്ല്യുഡി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ (ബിൽഡിങ്) യു കെ രവികുമാർ, പിഡബ്ല്യുഡി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) കെ ജി പ്രശാന്ത്, പിഡബ്ല്യുഡി അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) ഒപി ശിവദാസൻ, ജോയിന്റ് ആർടിഒ എ സി ഷീബ, മജീദ് (സംഘം ലൈറ്റ്സ് ആന്റ് സൗണ്ട്സ്), വി കെ അജയ്കുമാർ (പ്രാക്സിസ് പ്രിന്റേഴ്സ്) എന്നിവർ സംബന്ധിച്ചു.

## നികുതി സ്വീകരിക്കും

മീഞ്ച ഗ്രാമ പഞ്ചായത്തിൽ 100 ശതമാനം നികുതി പിരിക്കുന്നതിന് വേണ്ടി മാർച്ച് 31 വരെ ഞായറാഴ്ചകളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരേയും മറ്റു ദിവസങ്ങളിൽ വൈകീട്ട 6 വരേയും മീഞ്ച ഗ്രാമ പഞ്ചായത്ത് ഓഫിസിൽ നികുതികൾ സ്വീകരിക്കും.

## പോസ്റ്റൽ അദാലത്തിൽ പരാതി നൽകാം

മാർച്ച് 19 ന് 3 മണിക്ക് കാസർകോട് പോസ്റ്റ് ഓഫീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ചേരുന്ന പോസ്റ്റൽ അദാലത്തിൽ പോസ്റ്റോഫീസ് സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കും. കത്ത്, മണിയോഡർ, പാഴ്സൽ, സ്പീഡ് പോസ്റ്റ് എന്നിവ യഥാസമയം ലഭിക്കാത്തത്, നഷ്ടപ്പെട്ടത്, മറ്റു സേവനങ്ങൾ സംബന്ധിച്ചും പരാതിയുണ്ടെങ്കിൽ ഈ മാസം 14നകം സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്, കാസർകോട് ഡിവിഷൻ, കാസർകോട്-671121 എന്നവിലാസത്തിൽ ലഭിക്കണം. കവറിന്റെ പുറത്ത് ഡാക്ക് അദാലത്ത് എന്ന് രേഖപ്പെടുത്തണം.

## ഗതാഗതം നിരോധിച്ചു

കാഞ്ഞങ്ങാട് കോട്ടിക്കുളം - തച്ചങ്ങാട് റോഡ് പ്രവൃത്തി നടക്കുന്നതിനാൽ മാർച്ച് 13 മുതൽ ഒരു അിറയിപ്പ് ഉണ്ടാകുന്നതുവരെ ഈ ഭാഗത്തുകൂടി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. വലിയവാഹനങ്ങൾ ബട്ടത്തൂർ വഴി എൻ.എച്ച് 66 ൽ പ്രവേശിച്ച് പനയാൽ വഴി തച്ചങ്ങാട് പ്രവേശിക്കണം. ചെറുവാഹനങ്ങൾ മറ്റ് റോഡുകൾ ഉപയോഗിക്കണം.

## ഗ്രീൻപ്രോട്ടോകോൾ പാലിക്കണം

ജില്ലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളും ഹരിതചട്ടം പാലിക്കണമെന്നും പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കി ഓഫീസ് അന്തരീക്ഷം ഹരിതാഭമാക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. ഓഫീസുകളിൽ നടക്കുന്ന പരിപാടികളിൽ ഡിസ്പോസിബിൾ വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമെന്ന് കളക്ടർ അറിയിച്ചു.

## വേതനം വിതരണം ചെയ്യും

പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ തൊഴിൽ രഹിത വേതനം മാർച്ച് 14,15 തീയതികളിൽ പഞ്ചായത്ത് ഓഫീസിൽ വിതരണം ചെയ്യും. ഗുണഭോക്താക്കൾ റേഷൻ കാർഡ്, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ് എന്നിവ സഹിതം നേരിട്ടെത്തി വേതനം കൈപ്പറ്റണം.

## കൂൺകൃഷിക്ക് ധനസഹായം

ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഏറ്റവും കുറച്ചു സ്ഥലത്തുനിന്നും കൂടുതൽ വരുമാനം നൽകുന്ന മികച്ച പോഷക വിളയാണ് കൂൺ. കൂൺകൃഷി ധനസഹായത്തോടുകൂടി തുടങ്ങാൻ സന്നദ്ധരായ കാസർകോട് മുനിസിപ്പൽ പരിധിയിലുള്ള കർഷകർ മാർച്ച് 15 ന് വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കൃഷിഭവനിൽ ഹാജരാകേണ്ടതാണ്. ഫോൺ നമ്പർ 04994 – 230560 മൊ. 9383472310

**(തുടരും)**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **മാർച്ച് 12**<br>**MARCH 12** | **2019** |

***1193 കുംഭം 28*** **ചൊവ്വ**

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in   dioksgd@gmail.com   ഫോൺ 04994 255145

## എസ്.എസ്.എൽ.സി പരീക്ഷ-മോണിറ്ററിംഗ് കമ്മിറ്റി ചേർന്നു

എസ്.എസ്.എൽ.സി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി യോഗം എഡിഎം സി ബിജുവിന്റെ അധ്യക്ഷതയിൽ ചേമ്പറിൽ ചേർന്നു. യോഗത്തിൽ എഎസ്പി സി ശില്പ ഐപിഎസ് , ജില്ലാ ട്രഷറി ഓഫീസർ എംവി ലാൽരാജ് , ലീഡ് ബാങ്ക് പ്രതിനിധി സിഎസ് രമണൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഡോ.ഗിരീഷ് ചോലയിൽ, കാസർകോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ എൻ നന്ദികേശൻ എന്നിവർ സംബന്ധിച്ചു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഡോ.ഗിരീഷ് ചോലയിൽ 19076 കുട്ടികൾ എഴുതുന്ന എസ്എസ്എൽസി പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിയ തയ്യാറെടുപ്പുകൾ വിശദീകരിച്ചു.  എസ്എസ്എൽസി പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയുള്ള എല്ലാ വശങ്ങളും യോഗം വിലയിരുത്തി ബന്ധപ്പെട്ടവർക്കുള്ള നിർദ്ദേശം നൽകി.

## ബൂത്തുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പാക്കും- ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു

ലോക്സഭ തെരഞ്ഞെടുപ്പിൽ ബൂത്തുകളായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഒരുക്കേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുമെന്ന് ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു അറിയിച്ചു. ജില്ലയിലെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലെയും മുഴുവൻ പോളിംഗ് ബൂത്തുകളിലെയും പരിശോധന അന്തിമ ഘട്ടത്തിലാണ്. ഭിന്ന ശേഷിക്കാരായ വോട്ടർമാരുടെ  വീൽചെയറുകൾ ,മുചക്രവാഹനങ്ങൾ എന്നിവ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, കുടിവെള്ള സൗകര്യം, വിവിധ സൂചക ബോർഡുകൾ, ഭിന്ന ശേഷി വോട്ടർമാരെ സഹായിക്കുന്നതിന് വോട്ടെടുപ്പ് ദിവസം ബിഎൽ ഒ, എൻഎസ്എസ്, എൻസിസി, വോളണ്ടിയേഴ്സ് എന്നിവർക്ക് ഇരിക്കുന്നതിനുള്ള സൗകര്യം, റാമ്പ് സൗകര്യം  സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയിലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയിലറ്റുകൾ തുടങ്ങിയവയും ഒരുക്കും. പോളിംഗ്സ്റ്റേഷനിലേക്ക് പ്രവേശിക്കുന്നതിനും ഇറങ്ങുന്നതിനും പ്രത്യേക വഴി. വൈദ്യുതി , ആവ വശ്യത്തിന് ലൈറ്റ്, ഫാൻ , ഫർണ്ണിച്ചർ എന്നിവയും ഉണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിൽ ഇവ ഒരുക്കുന്നതിനുള്ള നിർദ്ദേശം നൽകിയതായും ജില്ലാ കളക്ടർ അറിയിച്ചു.

## വൈദ്യുതി വിച്ഛേദിക്കാൻ ജില്ലാകളക്ടർ നിർദ്ദേശം നൽകി

ജില്ലയിൽ കുടിവെള്ള ക്ഷാമം രൂക്ഷമാവുന്ന സാഹചര്യത്തിൽ  കുടിവെള്ള ആവശ്യത്തിന് അല്ലാതെയുള്ള പമ്പിങ്ങ് നിയന്ത്രിക്കാൻ ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു നിർദ്ദേശം നൽകി.  മഞ്ചേശ്വരം കാസർകോട് ബ്ലോക്ക്കളിലെ ഉപ്പള, ഷിരിയ,  മൊഗ്രാൽപുത്തൂർ, നദികളിൽ കുടിവെള്ളം പമ്പ് ചെയ്യുന്ന സ്ഥലങ്ങളുടെ താഴേക്കും മുകളിലേക്കും  500 മീറ്റർ ദൂരത്തിൽ പമ്പിങ്ങിനുള്ള വൈദ്യുതി കണക്ഷൻ നൽകിയത് വിച്ഛേദിക്കാനും  ജില്ലാകളക്ടർ നിർദ്ദേശം നൽകി. കാർഷികാവശ്യത്തിന് പമ്പിങ്ങ് നടത്തുന്നതിന് നൽകിയ വൈദ്യുതി കണക്ഷൻ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നടപടി. വരും ദിവസങ്ങളിൽ കുടിവെള്ളം രൂക്ഷമാവാൻ സാധ്യത ഉള്ളത് കൊണ്ട് അമിത ജല ഉപയോഗം ഒഴിവാക്കണമെന്നും കളക്ടർ ആവശ്യപ്പെട്ടു.

(ഫോട്ടോ സഹിതം)

കുരുഡപദവു പ്രദേശത്ത് ഉപ്പള പുഴയിൽ ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബു സന്ദർശിച്ചപ്പോൾ

(അവസാനിച്ചു.)